# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ NOVEMBER 28 | 2016 |
|---|---|

## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

**സുരക്ഷാ നിരീക്ഷണത്തിന് ഡ്രോൺ എത്തുന്നു;**
**രണ്ടാം ഘട്ടം പോലീസ് സേന ചുമതലയേറ്റു**

ശബരിമല: ഡ്രോൺ നിരീക്ഷണമുൾപ്പെടെ ശബരിമലയിലെ സുരക്ഷാ സന്നാഹങ്ങൾ വരും ദിനങ്ങളിൽ അതീവ ശക്തമാക്കുന്നു. ഡിസംബർ ഒന്നു മുതൽ ആറിടങ്ങളിൽ ഡ്രോൺ ഉപയോഗിച്ചുള്ള നിരീക്ഷണം ഏർപ്പെടുത്തും. നടപ്പന്തലിലെ സ്ക്രീനിൽ ഡ്രോണിലൂടെയുള്ള ദൃശ്യങ്ങൾ നിരീക്ഷിച്ച് അനന്തര നടപടികൾ സ്വീകരിക്കും. ഇതിനകം 35 സ്ഥലങ്ങളിൽ സിസിടിവി ക്യാമറകൾ സ്ഥാപിച്ച് പമ്പയിലുള്ള സ്പെഷൽ ഓഫീസറുടെ നേതൃത്വത്തിലുള്ള പോലീസ് സെന്ററിൽ നിരീക്ഷണം നടത്തുന്നു. പമ്പ, മരക്കൂട്ടം, ശരംകുത്തി, യുടേൺ, നടപ്പന്തൽ, പതിനെട്ടാംപടി, സോപാനം, മാളികപ്പുറം, പാണ്ടിത്തടം എന്നിവിടങ്ങളാണ് സിസിടിവി സ്ഥാപിച്ചിട്ടുള്ള ചില പ്രധാന സ്ഥലങ്ങൾ.

പോലീസ് അയ്യപ്പൻമാരുടെ രണ്ടാംബാച്ചിന്റെ ഡ്യൂട്ടി ഇന്ന് ഉച്ചയ്ക്ക് പന്ത്രണ്ടിന് ആരംഭിച്ചു. 980 പേരടങ്ങിയതാണ് സംഘം. ആദ്യ സംഘത്തേക്കാൾ 200 പേരെ അധികമായി നിയോഗിച്ചിട്ടുണ്ട്. മൂന്നു ദിവസത്തിലൊരിക്കൽ ഒരു ഐജിയുടെ നേതൃത്വത്തിൽ സുരക്ഷാനടപടികൾ വിലയിരുത്തപ്പെടുന്നു. എഡിജിപി നിതിൻ അഗർവാൾ ആണ് സുരക്ഷാ ചുമതലകളുടെ ചീഫ് കൺട്രോളർ. ഒരു സ്പെഷൽ ഓഫീസറുടെ കീഴിൽ 55 സിഐ, 75 എസ്ഐ എന്നിവർ സുരക്ഷാ നടപടികൾ നിരന്തരം നിരീക്ഷിക്കുന്നു. ഇതിനു പുറമേ, ഇന്റലിജൻസ് വിഭാഗം, ഷാഡോ പോലീസ്, തണ്ടർബോൾട്ട് കമാൻഡോകൾ എന്നിവയ്ക്കു പുറമേ റാപ്പിഡ് ആക്ഷൻ ഫോഴ്സ് ഉൾപ്പെടെയുള്ള കേന്ദ്രസേനയും ജാഗരൂകരായി ശബരിമലയുടെ സംരക്ഷണത്തിനുണ്ട്. എല്ലാ എൻട്രി പോയിന്റുകളിലും ബോംബ് ഡിറ്റെക്ഷൻ ഉൾപ്പെടെയുള്ള സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

പതിനെട്ടാം പടിയിലെ സേവനത്തിന് ഇന്നലെ മുതൽ 12 പോലീസ് അയ്യപ്പൻമാരെയും നിയോഗിച്ചു. ഒരു മിനിട്ടിൽ 90 അയ്യപ്പൻമാരാണ് പതിനെട്ടാം പടി കയറിയെത്തുന്നതെന്നാണ് പോലീസ് കണക്കാക്കുന്നത്. ഇവരെ സഹായിക്കുന്നതിൽ പോലീസ് അത്യന്തം ശുഷ്കാന്തി പുലർത്തുന്നു. ആദ്യ ഘട്ടത്തിലെത്തിയ പോലീസ് അയ്യപ്പൻമാരു

ടെ സേവനം അയ്യപ്പൻമാരുടെ മുക്തകണ്ഠ പ്രശംസ നേടിയിരുന്നു. ഭക്തജനങ്ങൾക്ക് സേവനം നൽകുന്നതിൽ പോലീസ് യാതൊരു വിട്ടുവീഴ്ച്ചയും കാണിക്കുന്നില്ലെന്ന് സന്നിധാനം പോലീസ് സ്പെഷൽ ഓഫീസർ രമേശ് കുമാർ അറിയിച്ചു.

## അനേകം കുടുംബങ്ങൾക്ക് അന്നമൂട്ടി കൊപ്രാക്കളം

ശബരിമല: സന്നിധാനത്ത് ഭക്തർ അർപ്പിക്കുന്ന നാളികേരം നിരവധി കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്ന ഒരു മേഖലയായി വളർന്നുകഴിഞ്ഞിരിക്കുന്നു. സന്നിധാനത്തെവിടെയും ഭക്തർ അർപ്പിക്കുന്നതും ഉപേക്ഷിക്കുന്നതുമായ എല്ലാ നാളികേരങ്ങളും അവസാനം എത്തിച്ചേരുന്നത് നടപ്പന്തലിനു കിഴക്കുവശത്തുള്ള കൊപ്രാക്കളത്തിലാണ്.

ഇത്തവണ കൊപ്രാക്കളത്തിന്റെ കരാർ കായംകുളം സ്വദേശി വേലാൻചിറ സുകുമാരനാണ്. 25 വർഷമായി ഈ രംഗത്തുള്ള ഇദ്ദേഹം നിരവധി തവണ കൊപ്രാകരാർ ഏറ്റെടുത്തിട്ടുണ്ട്. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ രണ്ട് ഷിഫ്റ്റുകളിലായി 450 ഓളം തൊഴിലാളികൾ പണിയെടുക്കുന്നു. നാളികേരം ചിരട്ടയിൽ നിന്നും ഇളക്കിയെടുക്കുന്നതിനായി ഏഴ് ചേരുകൾ ഉണ്ട്. ഏഴ് കങ്കാണികളുടെ കീഴിലാണ് ഏഴ് ചേരുകൾ പ്രവർത്തിക്കുന്നു. ഇളക്കിയെടുക്കുന്ന നാളികേരം നാല് ഡ്രൈയറുകളിൽ കയറ്റി ഉണക്കി കൊപ്രയാക്കുന്നു. പിന്നീട് ട്രാക്ടറിൽ കയറ്റി പമ്പയിൽ എത്തിച്ച് വിവിധ മില്ലുകളിൽ വിതരണം ചെയ്യും. തൊഴിലാളികളിൽ 90 ശതമാനം പേരും മലയാളികളാണ്.

മകരവിളക്കു കഴിയുന്നതുൾപ്പെടെയുള്ള സീസണിൽ 80 മുതൽ 85 ലോഡ് നാളികേരം കൊപ്രാക്കളത്തിൽ ലഭിക്കുന്നു. ഒരു ലോഡ് ഏകദേശം പത്ത് ടൺ വരുമെന്ന് കരാറുകാരൻ പറയുന്നു.

## പരിസ്ഥിതി സംരക്ഷണത്തിനു മുൻതൂക്കം നൽകി ജാഗ്രതയോടെ വനംവകുപ്പ്

ശബരിമല: ശബരിമലയുടെ പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നൽകിയുള്ള വനംവകുപ്പിന്റെ പ്രവർത്തനം ശ്രദ്ധേയമാകുന്നു. പമ്പ മുതൽ ശബരിമല വരെ ജാഗരൂകരായി പ്രവർത്തിക്കുന്ന വനപാലകർ തീർഥാടകരെ സുരക്ഷിതമായി അയ്യപ്പ ദർശനം നടത്തുന്നു. പാമ്പ് ഉൾപ്പെടെയുള്ള ഇഴജന്തുക്കളെയും കാട്ടുപന്നി, സാധാരണ കുരങ്ങ്, കരിങ്കുരങ്ങ് തുടങ്ങിയ വന്യമൃഗങ്ങളെ തീർഥാടക പാതയിലേക്ക് ആകർഷിക്കാതിരിക്കാനുള്ള നടപടികൾ വകുപ്പ് ആസൂത്രണം ചെയ്തിട്ടുണ്ട്. ആഹാരാവശിഷ്ടങ്ങൾ കാനനപാതയിൽ വലിച്ചെറിയാതിരിക്കാൻ വ്യാപാര സ്ഥാപനങ്ങൾക്ക് കർശന നിർദേശം നൽകിയിട്ടുണ്ട്.

മണ്ഡല-മകരവിളക്ക് അയ്യപ്പന്മാർക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനും വിവിധ വകുപ്പുകളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനും വനം-വന്യജീവി പരിപാലനം പാരിസ്ഥിതിക സംരക്ഷണം എന്നിവ ശക്തിപ്പെടുത്തുന്നതിനായി സന്നിധാനത്ത് ഒരു റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ മേൽനോട്ടത്തിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, 14 ബീറ്റ് പോലീസ് ഓഫീസർമാരും അടങ്ങുന്ന വനം വകുപ്പിന്റെ കൺട്രോൾ റൂം (ഫോൺ നമ്പർ-04735 202077) പ്രവർത്തിച്ചുവരുന്നു.

തിരക്ക് കൂടുതലുള്ള ദിവസങ്ങളിൽ അയ്യപ്പന്മാർ ശരണപാതയിൽനിന്നും മാറി വനത്തിനുള്ളിലൂടെ സഞ്ചരിക്കുന്നത് തടയാൻ പോലീസുമായി ചേർന്ന് നടപടികളും വനംവകുപ്പ് സ്വീകരിക്കുന്നുണ്ട്. ദിവസവും സന്നിധാനത്ത് നടക്കുന്ന പുണ്യം പൂങ്കാവനം പരിപാടിയിലും ആർഎഎഫ് സേനാംഗങ്ങളുമൊത്ത് വനഭൂമിയിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിലും വനം വകുപ്പ് അംഗങ്ങൾ സഹകരിക്കുന്നു.

പമ്പ മുതൽ സന്നിധാനംവരെയുള്ള പാതയിൽ നീലിമല ഭാഗത്തുമാത്രം 24--ന് വെളുപ്പിന് ഒരുമണിക്ക് ഒറ്റയാന്റെ സാന്നിധ്യം അറിഞ്ഞ് എലിഫന്റ് സ്‌ക്വാഡ് എത്തി ആനയെ കാട്ടിലേക്ക് കടത്തിവിട്ടു. ഈ പാതയിൽ മറ്റ് ഭാഗങ്ങളിലൊന്നും ആന ഇറങ്ങിയതായി ഇതുവരെ റിപ്പോർട്ടില്ല.

വനം വന്യജീവി പരിപാലനത്തിനും ശബരിമല വനഭൂമിയുടെ പാരിസ്ഥിതികമായ സംരക്ഷണത്തിനും ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾക്കായി വനം വകുപ്പിന്റെ സന്നിധാനം കൺട്രോൾ റൂം പ്രവർത്തനങ്ങൾക്ക് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ പി.കെ

രാജേഷിന്റെ നേതൃത്വത്തിൽ 15 അംഗ സംഘവും സന്നിധാനം ഔട്ട് പോസ്റ്റിലെ വനം ജീവനക്കാരും പ്രവർത്തിക്കുന്നുണ്ട്.

## 97 വിഷപ്പാമ്പുകളെ പിടികൂടി

ശബരിമല: ഈ സീസണിൽ ഇതുവരെ 97 വിഷപ്പാമ്പുകളെ വനംവകുപ്പ് പിടികൂടി. ഇതിൽ 23 മൂർഖൻ പാമ്പുകളും ശേഷിക്കുന്നവയിൽ കരിമൂർഖൻ, അണലി, കാട്ടുപാമ്പ്, ചുരുട്ട ഉൾപ്പെടും. കൺട്രോൾ റൂം സ്റ്റാഫിന്റെ മേൽനോട്ടത്തിൽ പാമ്പുപിടുത്തക്കാരനായ ഗോപിയാണ് പാമ്പുകളെ പിടികൂടുന്നത്.

## വെള്ള നിവേദ്യവും ശർക്കരപ്പായസവും

ശബരിമല: അയ്യപ്പസ്വാമി ഭക്തർക്കായി വെള്ള നിവേദ്യവും ശർക്കരപ്പായസവും ലഭ്യമാക്കിത്തുടങ്ങി. 250 ഗ്രാമിന് 20 രൂപയാണ് വില. അപ്പം, അരവണ വിതരണ കൗണ്ടറിനടുത്താണ് വെള്ളനിവേദ്യ കൗണ്ടർ. സ്പെഷൽ ഓഫീസർ എസ്.രാജമോഹനൻ, അസിസ്റ്റന്റ് സ്പെഷൽ ഓഫീസർ വി.വിക്രമൻ എന്നിവരുടെ മേൽനോട്ടത്തിൽ 72 പേരടങ്ങിയ സംഘമാണ് വെള്ളനിവേദ്യവും ശർക്കരപ്പായസവും നിർമിക്കുന്നത്. രാവിലെ 3.30 മുതൽ രാത്രി നട അടയ്ക്കുന്നതുവരെ നിവേദ്യം വാങ്ങാവുന്നതാണ്.

## സന്നിധാനം സ്റ്റേജിൽ (29-11-16)

ഭക്തിഗാനമേള - ഓം ശ്രീ ഓർക്കസ്ട്ര, അഭേദാനന്തപുരം - രാത്രി ഏഴ് മുതൽ 9 വരെ

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ NOVEMBER 28 | 2016 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ്-2


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook Page: Sabarimalamediacentreiprdgok


### പൊതുജനാരോഗ്യ സുരക്ഷാ പ്രവർത്തനങ്ങൾ ഊർജിതം

ശബരിമല: സന്നിധാനത്തെ ആരോഗ്യസുരക്ഷാ പ്രവർത്തനങ്ങൾ ഊർജിതമാക്കി പൊതുജനാരോഗ്യവകുപ്പ്. മലമ്പനി, മന്ത് രോഗ നിർണ്ണയ പ്രവർത്തനങ്ങളുടെ ഭാഗമായി ഇതുവരെ ഇതര സംസ്ഥാനക്കാരായ 135 തൊഴിലാളികളുടെ രക്തസാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചെങ്കിലും ആരിലും രോഗം സ്ഥിരീകരിച്ചിട്ടില്ല. സന്നിധാനത്ത് വിവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന ഇതര സംസ്ഥാനക്കാരായ മുഴുവൻ ആളുകളുടെയും രക്തസാമ്പിളുകൾ ശേഖരിക്കുന്നതിനായി രാത്രികാല രക്തപരിശോധന ക്യാമ്പുകൾ നടത്തുന്നു.

കൊതുകുനശീകരണ പരിപാടികളുടെ ഭാഗമായി കൊതുക് സാന്ദ്രത കണക്കാക്കുന്നതിനായുള്ള വെക്ടർ സർവ്വേ, ഉറവിട നശീകരണം, കൂത്താടി നശീകരണത്തിനായുള്ള സ്പ്രേയിംഗ് എന്നിവ എല്ലാ ദിവസങ്ങളിലും നടന്നുവരുന്നു. ഇതുവരെയായി 30 റൗണ്ട് സ്പ്രേയിംഗും 4 റൗണ്ട് ഫോഗിംഗും നടന്നു.

ആഹാര വിതരണ കേന്ദ്രങ്ങൾ, തൊഴിലാളി ക്യാമ്പുകൾ, വിരികൾ, ടോയ്‌ലറ്റ് ബ്ലോക്കുകൾ, കെട്ടിടങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലാണ് ശുചിത്വ പരിശോധന. ഭക്ഷണ വിതരണ കേന്ദ്രങ്ങളിൽ ജോലി നോക്കിവരുന്ന മുഴുവൻ ജീവനക്കാരും എത്രയും വേഗം ഹെൽത്ത് കാർഡ് ലഭിക്കുന്നതിന് ആവശ്യമായ ലാബ് പരിശോധനകളുടെ വിവരങ്ങൾ ലഭ്യമാക്കണമെന്ന് കർശന നിർദേശം നൽകിക്കഴിഞ്ഞു. സന്നിധാനം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന എമർജൻസി മെഡിക്കൽ സെന്ററുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം നടത്തുന്നതിനും സന്നിധാനത്തെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഹെൽത്ത് ഇൻസ്പെക്ടർ കെ.കെ. സന്തോഷ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ ജയൻ സിസി, ലിജുമോൻ ജേക്കബ്, ഫീൽഡ് വർക്കർമാരായ അനിൽകുമാർ, ശ്രീകുമാർ എന്നിവരുടെ നേതൃത്വത്തിലാണ് സന്നിധാനത്തെ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

**PRD LIVE**
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും **PRD LIVE** ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും **PRD LIVE**
ഡൗൺലോഡ് ചെയ്യാം.